# ആപ്ലിക്കേഷനുകളിലാതെ ജിമെയിൽ അലർട്ട്

ഇന്റർനെറ്റിൽ ഏറെ നേരം ജോലികൾ ചെയ്യുന്നവർക്ക് മെയിൽ നോട്ടിഫിക്കേഷൻ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചാൽ വളരെ സഹായകരമാകും. ഇടക്കിടക്ക് മെയിൽ ചെക്ക് ചെയ്യാതെ ഡെസ്ക്ടോപ്പിൽ മെയിൽ നോട്ടിഫിക്കേഷനുകൾ, അലർട്ട് സൗണ്ടോടെ ലഭിക്കാൻ ഇവ ഉപയോഗിക്കാം. ജിമെയിലിൻറെ മെയിൽ നോട്ടിഫിക്കേഷൻ ആപ്ലിക്കേഷൻ അവരുടെ സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. എന്നാൽ ആപ്ലിക്കേഷനുകളൊന്നുമില്ലാതെ തന്നെ ഇമെയിൽ നോട്ടിഫിക്കേഷൻ ജിമെയിലിൽ നിന്ന് ലഭിക്കാനുള്ള മാർഗ്ഗമാണ് ഇവിടെ പറയുന്നത്.

ആദ്യം ക്രോം ബ്രൗസറിൽ ജെമിയിലിൽ ലോഗിൻ ചെയ്യുക.




ഇനി വലത് വശത്തെ ഗിയർ ചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് settings സെലക്ട് ചെയ്യുക.

സെറ്റിങ്ങ്സ് പേജിൽ താഴേക്ക് സ്ക്രോൾ ചെയ്ത് desktop notifications കണ്ടെത്തുക. അതിൽ new mail notifications on ക്ലിക്ക് ചെയ്ത ശേഷം Save Changes ക്ലിക്ക് ചെയ്യുക.

ഇനി നിങ്ങളുടെ ജിമെയിൽ അഡ്രസിൽ മെയിൽ വരുമ്പോൾ ഒരു നോട്ടിഫിക്കേഷൻ പോപ് അപ് വിൻഡോ ഡെസ്ക്ടോപ്പിൽ പ്രത്യക്ഷപ്പെടും.

(നിങ്ങളുടെ ജിമെയിൽ അക്കൗണ്ട് ക്രോമിൽ ഓപ്പണായിരുന്നാൽ മാത്രമേ ഇങ്ങനെ മെസേജ് ലഭിക്കൂ)

prepared by sunil george ghs muttom blog